LIBRARY ARCHIVES Kerala Legislative Assembly

മാരിയിൽ കലുങ്ക് പാലം അപ്രോച്ച് റോഡിന്റെ നിർമ്മാണം

38(648) ശ്രീ. പി. ജെ. ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊടുപുഴ നിയോജകമണ്ഡലത്തിലെ മാരിയിൽ കലുങ്ക് പാലത്തിന്റെ അപ്രോച്ച് റോഡിന്റെ നിർമ്മാണം മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത അപ്രോച്ച് റോഡിനുള്ള സ്ഥലം ഏറ്റെടുക്കുന്നതിന്റെ ഭാഗമായുള്ള ഡ്രാഫ്റ്റ് ഡിക്ലറേഷനുള്ള തുക അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ഡ്രാഫ്റ്റ് ഡിക്ലറേഷനുള്ള തുക അനുവദിച്ചിട്ടുണ്ട്.

തേവർകാട് - ചാലേച്ചിറ - വെള്ളാമിത്തു - ലൂർദ് മാതാ ചർച്ച് റോഡിന്റെ പരിഷ്കരണം

39(649) ശ്രീ. തോമസ് കെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ ജനങ്ങൾക്ക് വളരെയേറെ ഉപകാരപ്രദമായ തേവർകാട്-ചാലേച്ചിറ-വെള്ളാമിത്തു-ലൂർദ് മാതാ ചർച്ച് റോഡ് പരിഷ്കരിക്കുന്നതിലെ കാലതാമസത്തിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ?

തേവർകാട്-ചാലേച്ചിറ-വെള്ളാമിത്തു-ലൂർദ് മാതാ ചർച്ച് റോഡ് പരിഷ്കരിക്കുന്നതിനായി 2008-ലെ തണ്ണീർത്തട നിയമപ്രകാരം സംസ്ഥാനതല നിരീക്ഷണ സമിതിയുടെ അനുമതി ആവശ്യമാണ്. ടി അനുമതി ലഭ്യമായിട്ടില്ല. ആയതിനാലാണ് പ്രസ്തുത റോഡ് പരിഷ്കരിക്കുന്നതിന് കാലതാമസം നേരിടുന്നത്.

(ബി) 2008-ലെ തണ്ണീർത്തട നിയമം വരുന്നതിനുമുൻപേ ഉപയോഗത്തിലുള്ള ഈ റോഡ് തണ്ണീർത്തട നിയമത്തിന്റെ പരിധിയിൽ വരുന്നതെങ്ങനെയാണെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത റോഡ് നിലവിലുള്ളതിനേക്കാൾ കൂടുതൽ വീതിയിലാണ് നവീകരിക്കുന്നത്. ആയതിന് പാടശേഖരങ്ങളിലെ കൂടുതൽ സ്ഥലം ഏറ്റെടുക്കേണ്ടതു ആവശ്യമാണ്. ആയതിനാലാണ് ടി റോഡിന്റെ നവീകരണം 2008-ലെ തണ്ണീർത്തട നിയമത്തിന്റെ പരിധിയിൽ വരുന്നത്.

(സി) പ്രസ്തുത റോഡിന്റെ പ്രാധാന്യം കണക്കിലെടുത്ത്, കാലതാമസം കൂടാതെ നവീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ അടിയന്തരമായി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനതല നിരീക്ഷണ സമിതിയുടെ അനുമതി ലഭിച്ചാലുടൻ ആയത് പരിശോധിച്ച് പ്രസ്തുത റോഡിന്റെ നവീകരണം പൂർത്തിയാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

ചാലക്കുടി നഗരസഭ ജംഗ്ഷനിലെ അടിപ്പാത

40(650) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാതയിൽ ചാലക്കുടി നഗരസഭ ജംഗ്ഷന് സമീപത്തായി ആരംഭിച്ച അടിപ്പാതയുടെ നിർമ്മാണ പ്രവർത്തനത്തിലെ പുരോഗതിയില്ലായ്മയും കാലതാമസവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അടിപ്പാതയുടെ നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കുന്നതിനായി സത്വര നടപടി സ്വീകരിക്കുമോ?

റോഡ് വികസനത്തിന്റെ ഭാഗമായി change of scope-ൽ ഉൾപ്പെടുത്തിയാണ് ചാലക്കുടി അണ്ടർപാസ് നിർമ്മിക്കുന്നത്. അണ്ടർപാസിന്റെ നിർമ്മാണ പുരോഗതി നിരന്തരമായി നിരീക്ഷിക്കുന്നുണ്ട്. കൺസഷണർക്ക് പദ്ധതി ത്വരിതപ്പെടുത്തുന്നതിനായി കൂടുതൽ യന്ത്ര സാമഗ്രികളും നിർമ്മാണസാധനങ്ങളും തൊഴിലാളികളെയും ഉപയോഗിക്കാൻ വേണ്ടുന്ന നിർദ്ദേശം നൽകിയിട്ടുണ്ട്.

എറവ്-വാടാനപ്പള്ളി റോഡ് നവീകരണം

41(651) ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ-വാടാനപ്പള്ളി റോഡിൽ എറവ് മുതൽ വാടാനപ്പള്ളി വരെയുള്ള ഭാഗം നവീകരിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തുക എത്രയാണ്?

തൃശ്ശൂർ-വാടാനപ്പള്ളി റോഡിൽ എറവ് മുതൽ വാടാനപ്പള്ളി വരെയുള്ള ഭാഗം നവീകരിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തുക 250 ലക്ഷം രൂപ ആണ്.

(ബി) പ്രസ്തുത പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly